(ബി) നാട്പാക് നടത്തിയ സാധ്യതാപഠനങ്ങളുടെ അടിസ്ഥാനത്തിൽ ശുപാർശ ചെയ്യപ്പെട്ട പദ്ധതികൾ ഏതൊക്കെയാണ് ; ഇവ നടപ്പിലാക്കാനുദ്ദേശമുണ്ടോ ;

(സി) റോഡപകടങ്ങളെ തുടർന്ന് നിയോഗിക്കപ്പെട്ട അന്വേഷണ കമ്മീഷനുകളുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ റോഡപകടങ്ങൾ ലഘൂകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

(എ) സംസ്ഥാനത്ത് രൂപീകരിക്കാനുദ്ദേശിക്കുന്ന റോഡ് സുരക്ഷാ അതോറിറ്റി ബില്ലിന്റെ കരടിൽ ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ വരുന്ന റോഡ് സുരക്ഷാ അതോറിറ്റിയാണ് റോഡപകടങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ നടത്തിക്കുന്നതും പരിഹാരമാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതും.

(ബി) നാട്പാക് നടത്തിയ സാധ്യതാ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ശുപാർശ ചെയ്യപ്പെട്ട പദ്ധതികൾ ഒന്നും തന്നെ ഗതാഗത വകുപ്പിൽ ഇല്ല. എന്നാൽ മോട്ടോർ വെഹിക്കിൾ ചെക്ക്പോസ്റ്റുകളുടെ നവീകരണത്തെ സംബന്ധിച്ച സാദ്ധ്യതാപഠനം നാട്പാക് നടത്തുന്നുണ്ട്. അന്തിമ റിപ്പോർട്ട് ലഭിച്ചതിനുശേഷം റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്ന കാര്യം ഗതാഗത കമ്മീഷൻ പരിശോധിക്കുന്നതാണ്.

(സി) വാഹനങ്ങളുടെ പ്രൊപ്പല്ലർ ഷാഫ്റ്റ് ഒടിഞ്ഞ് നിലത്തുകുത്തി ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ ഷാഫ്റ്റ് ഒടിഞ്ഞാലും താങ്ങിനിർത്തുന്ന തരത്തിൽ 'യു' ആകൃതിയിലുള്ള ബ്രാക്കറ്റുകൾ ഘടിപ്പിക്കണമെന്ന് നിഷ്കർഷിച്ചു. സ്റ്റേജു കാര്യേജുകളിൽ എമർജൻസി വാതിൽ നിർബന്ധമാക്കി. ഹെവി ട്രാൻസ്പോർട്ട് വാഹനങ്ങളിൽ 1-9-2003 മുതൽ സ്പീഡ് ഗവേർണർ ഘടിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വാഹനങ്ങളുടെ അമിത വേഗത, മദ്യപിച്ച് വാഹനമോടിക്കൽ തുടങ്ങിയവ കണ്ടുപിടിക്കാൻ വാഹന പരിശോധന ഊർജ്ജിതമാക്കി. വാഹന പരിശോധനയ്ക്കായി 5 മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിച്ചു. മണ്ണെണ്ണ കലർന്ന ഇന്ധനം ഉപയോഗിക്കുന്നതു കണ്ടുപിടിക്കാനും പരിശോധനകൾ നടത്തി വരുന്നു.

കാലപ്പഴക്കം ചെന്ന ബോട്ടുകൾ മാറ്റുന്നതിന് നടപടി

25 (* 732) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജലഗതാഗത വകുപ്പ് ലാഭത്തിലാണോ പ്രവർത്തിക്കുന്നത് ;

(ബി) ഇല്ലെങ്കിൽ ആയതിനുള്ള കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) കാലപ്പഴക്കംചെന്ന ബോട്ടുകൾ നിലവിൽ സർവ്വീസ് നടത്തുന്നുണ്ടോ ;

(ഡി) എങ്കിൽ ഇവ മാറ്റി അപകടരഹിതമായ പുതിയതരം ബോട്ടുകൾ സർവ്വീസിന് ഉപയോഗിക്കാൻ വകുപ്പ് തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

(എ) അല്ല.

(ബി) ഉണ്ട്. റോഡ് ഗതാഗതം മെച്ചപ്പെട്ട സ്ഥലങ്ങളിൽ യാത്രക്കാർ കുറഞ്ഞതും വെള്ളക്കെട്ടായ സ്ഥലങ്ങളിലും ദ്വീപിലും താമസിക്കുന്ന ജനങ്ങളുടെ സൗകര്യാർത്ഥം, യാത്രക്കാർ കുറവാണെങ്കിലും നിർബന്ധമായി ബോട്ട് ഓടിക്കേണ്ടി വരുന്നതും ജലഗതാഗത വകുപ്പിന്റെ വരുമാനത്തെ പ്രതികൂലമായി ബാധിക്കുന്നു. ജലഗതാഗത വകുപ്പിന്റെ വരുമാനത്തിന്റെ നല്ലൊരുഭാഗം അതിന്റെ പ്രവർത്തനച്ചെലവിന് വേണ്ടി വരുന്നു.

(സി) സർവ്വീസ് നടത്തുന്ന ബോട്ടുകളിൽ പഴക്കം ചെന്നവയും ഉൾപ്പെടുന്നുണ്ട്.

(ഡി) 25 വർഷത്തിലധികം പഴക്കമുള്ള എല്ലാ ബോട്ടുകളും ഒരു വർഷത്തിനകം ഘട്ടം ഘട്ടമായി മാറ്റി പകരം പുതിയ ബോട്ടുകൾ സർവ്വീസിനിറക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബോട്ടുകൾ സർവ്വീസിനിറക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബോട്ടുകൾ വാങ്ങുന്നതിനും നന്നാക്കുന്നതിനുമായി നടപ്പു വർഷത്തിൽ 625 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വ്യവസായ സംരംഭകരെ തെരഞ്ഞെടുക്കുന്നതിന് നിലവിലുള്ള ബി.പി.എൽ. പരിധി

1 (4161) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമ പഞ്ചായത്തുകൾക്ക് വ്യവസായ സംരംഭകരെ തെരഞ്ഞെടുക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകളിലെ സബ്സിഡി നൽകുന്നതിന് നിശ്ചയിച്ച ബി.പി.എൽ. പരിധി കാരണം ആളുകളെ ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ബി.പി.എൽ./എ.പി.എൽ. എന്ന വ്യവസ്ഥ ഒഴിവാക്കുന്നതിന് സർക്കാർ തയ്യാറാകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എല്ലാ വികസന മേഖലകളിലെയും പ്രോജക്ടുകളിൽ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നത് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തണമെന്നത് സർക്കാരിന്റെ നയപരമായ തീരുമാനമാണ്.

LIBRARY ARCHIVES Kerala Legislative Assembly